**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3273** | | **19.06.2019-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **കിള്ളിയാർ മാലിന്യ മുക്തമാക്കാൻ നടപടി** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.വി.എസ്.ശിവകുമാർ** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | കിള്ളിയാർ മാലിന്യ മുക്തമാക്കുന്നതിന് തിരുവനന്തപുരം നഗരസഭ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (എ) | കിള്ളിയാർ ശുദ്ധീകരിക്കുന്നതിനു വേണ്ടി നഗരസഭ തലത്തിൽ കിള്ളിയാർ ക്ലീനിംഗ് പ്രോജക്ട് തയ്യാറാക്കുകയും നദിയുടെ സ്ഥിതി വിശകലനം ചെയ്ത് പ്രധാന പ്രശ്നങ്ങൾ കണ്ടെത്തുകയും Short term strategies, Long term strategies എന്നിങ്ങനെ തരം തിരിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ കുടികിടക്കുന്ന മാലിന്യങ്ങൾ പൊതുജനങ്ങളുടെ സഹകരണത്തോടെ നീക്കം ചെയ്യുന്നതിലേക്കായി കിള്ളിയാർ ജനകീയ കൺവെൻഷൻ, കിള്ളിയാർ കലാജാഥ, പുഴ അറിവ് തുടങ്ങിയ പ്രവർത്തനങ്ങൾ വാർഡ് തല, കോർപ്പറേഷൻ തല സംഘാടക സമിതി രൂപീകരിച്ച് വിജയകരമായി നടപ്പിലാക്കിവരുന്നു. 15000 ത്തോളം വോളന്റിയർമാരെ ഉൾപ്പെടുത്തി കിള്ളിയാർ മെഗാ ക്ലീനിംഗ് സംഘടിപ്പിക്കുകയുണ്ടായി. കിള്ളിയാറിലേക്ക് മാലിന്യമെത്തുന്ന ഓടകൾ കണ്ടെത്തി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിനജലം വഹിക്കുന്ന പൈപ്പുകൾ അടയ്ക്കുന്ന ജോലികൾ 70 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കിള്ളിയാറിലേക്ക് മാലിന്യമെത്തുന്ന ഓടകൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കിള്ളിയാറിലേക്ക് മാലിന്യം നിക്ഷേപിക്കുന്ന പൈപ്പുകൾ അടയ്ക്കുകയും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (സി) | കിള്ളിയാറിലെ കയ്യേറ്റങ്ങൾ തടയുന്നതിന് റവന്യൂ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | കിള്ളിയാറിലെ കൈയ്യേറ്റങ്ങൾ കണ്ടെത്തി ആയതിനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിന് തിരുവനന്തപുരം കോർപ്പറേഷൻ കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | കിള്ളിയാർ ശുചീകരണ പദ്ധതി ഒരു തുടർ പദ്ധതിയായി നടപ്പിലാക്കുന്നതും വർഷത്തിൽ രണ്ട് തവണയെങ്കിലും ശുചീകരണ പദ്ധതികൾ നടപ്പിലാക്കി കിള്ളിയാറിനെ മാലിന്യ മുക്തമാക്കുന്നതും പരിഗണിക്കുമോ; വിശദമാക്കുമോ? | (ഡി) | കിള്ളിയാർ പ്രോജക്ട് തുടരുന്നതിന് തിരുവനനതപുരം നഗരസഭ പദ്ധതി തയ്യാറാക്കി വരികയാണ്. മെക്കാനിക്കൽ ആയി നദിയുടെ ആഴം കൂട്ടുന്നതിനും ഏറേഷനു വേണ്ടി ഫണ്ട് രൂപീകരിക്കുന്നതിനും നഗരസഭ നടപടി സ്വീകരിച്ചു വരുന്നു. തീര സംരക്ഷണത്തിന് മാസ്റ്റർ പ്ലാൻ നഗരസഭ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ